"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പരിസ്ഥിതി വകുപ്പ്- സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി- സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റിയിൽ എൻവയോൺമെന്റ് ഓഫീസർ, അസിസ്റ്റന്റ് എൻവയോൺമെന്റ് ഓഫീസർ എന്നീ തസ്തികകൾ സൃഷ്ടിച്ച് ഉത്തരവാകുന്നു.

---

**പരിസ്ഥിതി (എ) വകുപ്പ്**

G.O.(Rt)No.11/2023/ENVT തീയതി,തിരുവനന്തപുരം, 17-02-2023

---

പരാമർശം:- 1. സ.ഉ.(കൈ) നം.07/2015/പരിസ്ഥിതി തീയതി 21-05-2015.

2. സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി അഡ്മിനിസ്ട്രേറ്ററുടെ 10.01.2022 തീയതിയിലെ 2483/എ1/എസ്.ഇ.ഐ.എ.എ നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റിയുടെ സുഗമമായ പ്രവർത്തനത്തിന് അധിക മനുഷ്യവിഭവശേഷി ആവശ്യപ്പെട്ടുകൊണ്ട് പരാമർശ കത്ത് പ്രകാരം സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി അഡ്മിനിസ്ട്രേറ്റർ സർക്കാരിൽ പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റിയുടെ സുഗമമായ പ്രവർത്തനത്തിന് അധിക മനുഷ്യവിഭവശേഷിയുടെ ആവശ്യകത കണക്കിലെടുത്ത് സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റിയിൽ 56500-118100/- രൂപ ശമ്പള സ്കെയിലിൽ എൻവയോൺമെന്റ് ഓഫീസറുടെ ഒരു തസ്തികയും, 51400-110300/- രൂപ ശമ്പള സ്കെയിലിൽ അസിസ്റ്റന്റ് എൻവയോൺമെന്റ് ഓഫീസറുടെ രണ്ട് തസ്തികകളും സൃഷ്ടിച്ച് ഉത്തരവാകുന്നു.

2. മേൽ തസ്തികകളിലേയ്ക്കുള്ള നിയമനം സംബന്ധിച്ച് വ്യക്തത വരുത്തിക്കൊണ്ട് പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
DR VENU V I A S
ADDITIONAL CHIEF
SECRETARY

1. മെമ്പർ സെക്രട്ടറി, സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി, തിരുവനന്തപുരം.

2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ),കേരളം, തിരുവനന്തപുരം.

3. ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂമീഡിയ) വകുപ്പ് (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).

3. ധനകാര്യവകുപ്പ് (EXP-B3/139/2022-FIN തീയതി 29.12.2022 പ്രകാരം)

4.പൊതുഭരണ(എസ്.സി) വകുപ്പ് (ഇനം നം. 1374 പ്രകാരം)

4. കരുതൽ ഫയൽ / ഓഫീസ് കോപ്പി.(ENVT-A1/21/2022-ENVT)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ